31-3-2000-ന് മുമ്പ് ടി തുക ചെലവഴിക്കാൻവേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

(എഫ്) കഴിഞ്ഞ അഞ്ച് വർഷത്തെ റോഡപടകങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.

വർഷം	അപകടങ്ങളുടെ എണ്ണം
1995	36086
1996	34702
1997	34656
1998	32837
1999	33977

1995 മുതൽ 1998 വരെയുള്ള വർഷങ്ങളിൽ റോഡപകടങ്ങളുടെ എണ്ണം വർഷാവർഷം കുറഞ്ഞുവന്നിട്ടുണ്ട്. എന്നാൽ 1998-നെ അപേക്ഷിച്ച് 1999-ൽ റോഡപകടങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

പാരാമെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനം

23 (*323) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാരാമെഡിക്കൽ വിദ്യാഭ്യാസ രംഗത്തിന്റെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും മാറ്റം ആവശ്യമാണെന്ന് ബോദ്ധ്യമായിട്ടുണ്ടോ; എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പാരാമെഡിക്കൽ വിദ്യാഭ്യാസരംഗത്ത് നിയന്ത്രണമോ മതിയായ അംഗീകാരമോ ഇല്ലാതെ സ്വകാര്യസ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ മാനദണ്ഡമില്ലാതെ ഓരോ കോഴ്സുകൾക്കും അമിതമായ ഫീസാണ് ഈടാക്കുന്നതെന്നും അംഗീകാരമില്ലാത്ത സർട്ടിഫിക്കറ്റുകളാണ് വിതരണം ചെയ്യുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) പാരാമെഡിക്കൽ വിദ്യാഭ്യാസം സർക്കാർ മേൽനോട്ടത്തിൽ കൊണ്ടുവരുന്നതിന് ഏകീകൃതമായ ഒരു ആരോഗ്യ വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി)-(എഫ്) സർക്കാരിന്റെ അംഗീകാരമില്ലാതെ പല സ്ഥലങ്ങളിലും പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതിയായ യോഗ്യതയും പ്രവർത്തന പരിചയവുമില്ലാത്തവർ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റുമായി ചില ലാബുകൾ പ്രവർത്തിക്കുന്നതു കൊണ്ടാണ് പലപ്പോഴും ഗുണനിലവാരം കുറയുന്നത്. മാത്രവുമല്ല വിവിധ സ്ഥാപനങ്ങൾ വ്യത്യസ്ത ചാർജ്ജുകൾ ഈടാക്കുന്നതായും ഒരേ ടെസ്റ്റിന് വ്യത്യസ്ത റിസൾട്ട് നൽകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും നിലവാരം പരിശോധിക്കുന്നതിനുവേണ്ടി കേരളാ പാരാമെഡിക്കൽ ടെക്നീഷ്യൻസ് കൗൺസിൽ ബിൽ 1995 എന്ന് പേരിൽ കരട് നിയമം സർക്കാരിന്റെ പരിഗണനയിലാണ്.

തീരദേശ ആരോഗ്യ പദ്ധതി

24 (*324)ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. വിശ്വൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ ആരോഗ്യ പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം ആവശ്യമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ;

(ബി) പദ്ധതിയുടെ പ്രവർത്തനത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം തീരദേശ ആശുപത്രികളിൽ അടിസ്ഥാനസൗകര്യങ്ങൾ ഉപകരങ്ങൾ എന്നിവ ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും ഇതിനായി എന്തു തുക ചെലവഴിച്ചെന്നും വെളിപ്പെടുത്തുമോ;

(ഇ) തീരദേശങ്ങളിലെ ജനങ്ങൾക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ)&(ബി)തീരദേശ ആരോഗ്യ പദ്ധതി 1.2.'93 മുതൽ ആവിഷ്ക്കരിച്ചു പ്രവർത്തിച്ചുവരികയും, ടി പദ്ധതിയുടെ കാലാവധി 31.3.'99-ൽ അവസാനിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കാലാവധി കഴിഞ്ഞതിനാൽ മാറ്റങ്ങൾ ആവശ്യമില്ല.

(സി) ടി കാലയളവിൽ പദ്ധതി പ്രദേശത്തെ ആശുപത്രികളിൽ ആശുപത്രി ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) തീരദേശത്തെ 9 ജില്ലകളിലായി 171 ആശുപത്രികളിലായാണ് വിവിധതരം ആരേഗ്യപ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. ആയതിലേയ്ക്ക് 9.29

LIBRARY ARCHIVES Kerala Legislative Assembly